MALAYALAM

MARK: 40
TIME: 2 Hrs

നിർദ്ദേശങ്ങളനുസരിച്ച് എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതുക.

## Question 1

കത്ത് തയ്യാറാക്കുക: **[4]**

നിങ്ങൾക്കു കിട്ടിയ പിറന്നാൾ സമ്മാനത്തിന് നന്ദി പറഞ്ഞു കൊണ്ട് സുഹൃത്തിന് ഒരു കത്ത് തയ്യാറാക്കുക.

## Question 2

താഴെ കൊടുത്തിരിക്കുന്ന ഗദ്യഭാഗം വായിച്ച് ചുവടെയുള്ള ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക:

കവി, ബാലസാഹിത്യകാരൻ എന്നീ നിലകളിലെല്ലാം പ്രശസ്തനായ ശ്രീ എം. ആർ രേണുകുമാർ രചിച്ച കഥയാണ് ' എനിക്ക് മനസ്സിലാവാത്തത് '. പട്ടണത്തിലെ ഒരു ബാങ്കിൽ തൂപ്പു ജോലി ചെയ്യുന്ന തൻെറ അച്ഛന്റെയൊപ്പം ഒരിക്കൽ ബാങ്കിൽ പോയ ഒരു കുട്ടിയുടെ അനുഭവത്തിലൂടെയാണ് ഈ കഥ അനാവരണം ചെയ്യപ്പെടുന്നത്. എപ്പോഴാണ് സ്നേഹിക്കുന്നത്, എപ്പോഴാണ് ദേഷ്യപ്പെടുന്നത് എന്ന് അറിയാത്ത അച്ഛന്റെയൊപ്പം പോകുന്ന കുട്ടിക്ക് സമ്മിശ്രമായ വികാരമാണ് ഉള്ളത്. നാട്ടിൻപുറത്തുനിന്നെത്തുന്ന കുട്ടിക്ക് ബാങ്കിന്റെ പുറം തന്നെ വലിയൊരു അത്ഭുതലോകമാണ്. അതിൻെറ പടിക്കെട്ടുകൾ കയറി ചെന്നപ്പോൾ മറ്റൊരു ലോകവും അവന് അനുഭവിക്കാൻ കഴിഞ്ഞു. വെളുത്ത കുപ്പായമിട്ട ഒരാൾ തന്റെ അച്ഛനോട് സ്നേഹത്തോടെയെങ്കിലും അധികാരത്തോടെ പെരുമാറുന്നത് എന്താണെന്ന് കുട്ടിക്ക് മനസ്സിലാകുന്നില്ല. അച്ഛൻ അവനെ അവിടെ തനിച്ചാക്കിയിട്ട് പോകുമ്പോൾ വെളുത്ത കുപ്പായക്കാരൻ വരുന്നതും സംസാരിക്കുന്നതും എല്ലാം കുട്ടിയും അച്ഛനും ഏതോ ചെറിയ ആൾക്കാരാണ് എന്ന് തോന്നൽ അവനിൽ ഉണ്ടാക്കുന്നുണ്ട്. അമ്മയോടൊപ്പം ജോലിചെയ്യുന്ന ഒരാളുടെ മകൾ അവിടെ വരുന്നതും അവർക്ക് കിട്ടുന്ന സ്വീകരണവും അവന് മനസ്സിലാകുന്നില്ല. വെളുത്ത ഉടുപ്പിട്ടയാൾ കൊടുക്കുന്ന പഴയ തുണികൾ അവനിൽ ചില തിരിച്ചറിവുകൾ ഉണ്ടാകുന്നു .അവനും സഹോദരങ്ങളും ധരിക്കുന്നത് ഇതുപോലെ ആരോ നൽകുന്ന പഴയ തുണികൾ ആണെന്ന് അറിവ് അവനെയും അവൻ തിരിച്ചറിയുന്നതിലൂടെ അവന്റെ കുടുംബത്തെയും സങ്കടത്തിലാക്കുന്നു. എങ്കിലും തങ്ങൾ മാത്രം എന്തുകൊണ്ടാണ് ഇങ്ങനെ ആയിപ്പോയത് എന്ന അവന്റെ ചോദ്യത്തിന് അവൻ വലുതാകുമ്പോൾ അത് മനസ്സിലാകുമെന്നാണ് അമ്മ മറുപടി പറയുന്നത് .നമ്മുടെ സമൂഹത്തിൽ വലിയവരും ചെറിയവരും ഉണ്ടെന്ന തിരിച്ചറിവും ആ തിരിച്ചറിവിലെത്തുന്ന പുതിയ തലമുറ അനുഭവിക്കുന്ന മനോവിഷമവുമാണ് കഥ മുന്നോട്ടുവയ്ക്കുന്നത്.

ചോദ്യങ്ങൾ

(i) ഗദ്യഭാഗത്ത് കാണുന്ന കുട്ടിയുടെ പേര് എന്താണ്? **[1]**

(ii) ആരാണ് ബാങ്കിൽ എത്തിയപ്പോൾ അച്ഛനോട് സംസാരിച്ചത്? **[1]**

(iii) പഴയ തുണികൾ കുട്ടിയിൽ ഉണ്ടാകുന്ന തിരിച്ചറിവ് എന്ത്? **[1]**

(iv) കഥ മുന്നോട്ടുവയ്ക്കുന്ന തത്വമെന്ത്? **[1]**

(v) കഥയ്ക്ക് മറ്റൊരു പേര് നൽകി അതിനുള്ള കാരണം വിശദമാക്കുക. **[1]**

## Question 3

അർത്ഥം എഴുതുക: **[2]**

(i) പോറ്റുക

(ii) പുളിനം

(iii) ആലസ്യം

(iv) മുദ്ര

## Question 4

പര്യായം എഴുതുക: [3]

(i) കരം

(ii) അഗ്നി

(iii) ഉറക്കം

## Question 5

ചേർത്തെഴുതുക: [1]

(i) പൊരുതും + ഒരു + അംഗം

(ii) തിരഞ്ഞ് + ഇറങ്ങുക

## Question 6

വാക്യത്തിൽ പ്രയോഗിക്കുക: [2]

(i) ദുഃഖിതനായിത്തീർന്നു

(ii) തുരുതുരെ

## Question 7

പിരിച്ചെഴുതുക: [1]

(i) മാട്ടുപ്പൊങ്കൽ

(ii) അരുതരുതെന്നെ

## Question 8

അർത്ഥവ്യത്യാസം എഴുതുക: [3]

(i) പങ്കം, തങ്കം

(ii) നാമം, നാമ

(iii) താര്, താരം

## Question 9

ചേരുംപടി ചേർക്കുക: [2]

| | |
|---|---|
| (i)മേഘസന്ദേശം | നാടകം |
| (ii)രഘുവംശം | ലഘു കാവ്യം |
| (iii)ഋതുസംഹാരം | സന്ദേശകാവ്യം |
| (iv)മാളവികാഗ്നിമിത്രം | മഹാകാവ്യം |

## Question 10

ഒറ്റവാക്കിലോ വാക്യത്തിലോ ഉത്തരമെഴുതുക. [4]

(i) ശകുന്തളയുടെ തോഴിമാരുടെ പേരുകൾ എഴുതുക.


(ii) രാജാവിന്റെ സ്പർശനമേറ്റ അരയന്നം പറഞ്ഞതെന്ത്?

(iii) കാളിദാസന്റെ ജന്മസ്ഥലം ഏത്?

(iv) ആടിനെ കേന്ദ്ര കഥാപാത്രമാക്കി ബഷീർ രചിച്ച കൃതിയേത്?

## Question 11

താഴെ കൊടുത്തിരിക്കുന്ന ചിത്രം നിരീക്ഷിച്ച് സ്വന്തം വാക്കുകളിൽ ഒരു കഥ എഴുതുക. [3]



## Question 12

വിശദമായി ഉത്തരമെഴുതുക.

(i) ദുഷ്യന്തൻ നൽകിയ മുദ്ര മോതിരം എങ്ങനെയാണ് തിരികെ ലഭിച്ചത്? [2]

(ii) ഹംസത്തെ കവി എങ്ങനെയാണ് വർണ്ണിച്ചിരിക്കുന്നത്? [2]

(iii) ശകുന്തളയ്ക്ക് എങ്ങനെയാണ് ആ പേര് ലഭിച്ചത്? [2]

(iv) ഏതു കാഴ്ചകളാണ് ഗ്രാമത്തെ ഭൂമിയിലെ സ്വർഗ്ഗമാക്കി മാറ്റുന്നത്? [2]

## Question 13

വിട്ടു പോയ വരികൾ പൂരിപ്പിക്കുക. [2]

"നളിന...........................

......... .............................

............... ......................

....................... നരചൻ"

******